# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

ആദിവാസികൾക്കു വേണ്ടി മൊബൈൽ
മെഡിക്കൽ യൂണിറ്റുകൾ

6749 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കു വേണ്ടി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) അത് ഏതെല്ലാം വകുപ്പുകളുടെ സഹായത്തോടെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ആദ്യഘട്ടത്തിൽ എവിടെയൊക്കെയാണ് ഇത് നടപ്പാക്കുന്നത് ;

(ഡി) അത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

6750 ശ്രീ. മഞ്ഞളാംകുഴി അലി
,, കെ. എം. ഷാജി
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക കേന്ദ്ര സഹായമായി ലഭിച്ചു എന്നും, എതു വർഷമാണ് തുക ലഭിച്ചതെന്നും വിശദമാക്കുമോ;

(സി) ഇതിൽ നിന്നും ഇതേവരെ ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗ വിവരങ്ങൾ നൽകാമോ;

(ഡി) ആരോഗ്യ ഇൻഷ്വറൻസ് പട്ടികവർഗ്ഗവിഭാഗത്തിന് ഗുണകരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണം ലക്ഷ്യമാക്കിയുള്ള പദ്ധതി തയ്യാറാക്കി അനുമതി വാങ്ങിയ ശേഷം അവരുടെ ക്ഷേമത്തിനായി തുക വിനിയോഗിക്കാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഇ) ഇതിനായി ലഭിച്ച കേന്ദ്രസഹായം പലിശ ഉൾപ്പെടെ എന്തു തുക ഇപ്പോൾ ലഭ്യാണ്; തുക വക മാറ്റി ചെലവഴിച്ചതിന് അനുമതി വാങ്ങിയിരുന്നോ; എങ്കിൽ ആരുടെ അനുമതിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>മാതൃകാ ഗിരിവർഗ്ഗ പദ്ധതി</u>

6751 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാതൃകാ ഗിരിവർഗ്ഗ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്രവര്‍ഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം</u>

6752 ശ്രീ. കെ.എന്‍.എ. ഖാദര്‍
,, എന്‍.എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 13-ാം ധനകാര്യകമ്മീഷന്റെ ശുപാര്‍ശപ്രകാരം സംസ്ഥാനത്തെ പ്രാക്തന ഗോത്രവര്‍ഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതി തയാറാക്കിയിട്ടുണ്ടോ; എങ്കില്‍ അതിന്റെ വിശദവിവരം നല്കുമോ;

(ബി) ഏതൊക്കെ ഗോത്രവിഭാഗങ്ങളാണ് ഈ പദ്ധതിയുടെ പരിധിയില്‍ വരുന്നത്; എന്തൊക്കെ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) ഏത് ഏജന്‍സി വഴി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; അതിനായി ഏര്‍പ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(ഡി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാന്‍ അതിന്റെ മോണിറ്ററിംഗിനും, സൂപ്പര്‍വിഷനും എന്തൊക്കെ സംവിധാനങ്ങള്‍ ഒരുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

പട്ടികവര്‍ഗ്ഗ വിഭാഗക്കാരുടെ വായ്പകള്‍ എഴുതി തള്ളുന്നതിന് നടപടി

6753 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ ജനവിഭാഗം സര്‍ക്കാര്‍ വകുപ്പുകള്‍/ കോര്‍പ്പറേഷനുകള്‍/സഹകരണ സ്ഥാപനങ്ങള്‍ എന്നിവയില്‍ നിന്നെടുക്കുന്ന വായ്പകള്‍ എഴുതി തള്ളുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; പ്രസ്തുത പദ്ധതികള്‍ എപ്പോള്‍ മുതലാണ് നിലവില്‍ വന്നത്;

(ബി) ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് വീട് വെയ്ക്കാൻ സാധിക്കാത്ത അവസ്ഥ</u>

6754 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി ഭൂമി ഇല്ലാത്തതിനാൽ സർക്കാർ നൽകുന്ന വീട് വെയ്ക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടുംബസ്വത്ത് വീതം വെച്ച് നൽകാത്തതിനാലും താമസസ്ഥലത്തിന് പട്ടയം ഇല്ലാത്തതിനാലും വീട് വെയ്ക്കാൻ സാധിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി</u>

6755

ശ്രീ. വി. ഡി. സതീശൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പദ്ധതിയുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് പ്രമോട്ടർമാർ വഹിക്കുന്ന പങ്കെന്താണ്; വിശദമാക്കുമോ;

(സി) ഇവരെ തെരഞ്ഞെടുക്കുന്ന രീതി എങ്ങനെയാണ്;

(ഡി) ഇവർക്ക് ഏതെല്ലാം മേഖലയിൽ പരിശീലനം നൽകുന്നുണ്ട് ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന നടപടി

6756 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് മുൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കരിമ്പാല പട്ടികവർഗ്ഗം</u>

T 6757

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിമ്പാല സമുദായ കുടുംബങ്ങൾ പട്ടികവർഗ്ഗമായി അംഗീകരിക്കപ്പെട്ട ശേഷം ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം അധികമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ ജനസംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>കായണ്ണ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ ഉപ പദ്ധതി വിഭാഗം വികസന ഫണ്ട്</u>

T 6758 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അർഹതപ്പെട്ട പട്ടികവർഗ്ഗ ഉപ പദ്ധതി വിഭാഗം വികസന ഫണ്ട് അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ

6759 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഓരോ പഞ്ചായത്തിലേയും കുടുംബങ്ങളുടെ എണ്ണവും ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>യുവജനങ്ങൾക്കുള്ള ഹോസ്റ്റൽ</u>

6760 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പട്ടിക വർഗ്ഗ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഐ.ജി.എം.ആർ സ്കൂളിൽ പ്രവർത്തിക്കുന്ന മഞ്ചേരി ഈസ്റ്റ് എൽ.പി.സ്കൂൾ മാറ്റുന്ന മുറക്ക് പ്രസ്തുത കെട്ടിടം എന്ത് ആവശ്യത്തിന് വിനിയോഗിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം കായിക പരിശീലനത്തിനെത്തുന്ന യുവജനങ്ങൾക്കുള്ള ഹോസ്റ്റൽ ആക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>യൂത്ത് കമ്മീഷൻ രൂപീകരിക്കാനുള്ള നടപടികൾ</u>

6761 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂത്ത് കമ്മീഷൻ രൂപീകരിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടം വരെയായി;

(ബി) പഞ്ചായത്തുതലത്തിൽ ഇപ്പോൾ യൂത്ത് കോ-ഓർഡിനേറ്റർമാർ നിലവലുണ്ടോ;

(സി) എങ്കിൽ ഇവരുടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>യൂത്ത് ഭവൻ</u>

6762 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജന ക്ഷേമ ബോർഡിന്റെ കീഴിൽ എല്ലാ ജില്ലകളിലും യൂത്ത് ഭവൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) യൂത്ത് ഭവന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതികളും വിശദമാക്കുമോ ;

(സി) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാണോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

**യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർക്ക്ഷോപ്പുകൾ**

6763 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലകൾ തോറും വർക്ക്ഷോപ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വർക്ക്ഷോപ്പുകൾ നടത്തുകവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) വർക്കുഷോപ്പുകൾ നടത്തുന്നതിന് ഏതെങ്കിലും ഏജൻസികളുടെ സഹായം തേടാനാഗ്രഹിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>യുവശക്തി പദ്ധതി</u>

6764 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ബോർഡ് ഈ സാമ്പത്തിക വർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ബോർഡ് സംസ്ഥാനത്തെ യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തി കുറയ്ക്കാൻ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ബോർഡ് ആരംഭിച്ച യുവശക്തി പദ്ധതിക്ക് എത്ര തുകയാണ് വകയിരുത്തിയിരുന്നത്?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

യുവജന വിഭവശേഷി

6765 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവാക്കളുടെ വിഭവശേഷി സമൂഹത്തിന്റെ പൊതുനന്മക്ക് ഉപയോഗിക്കാവുന്ന നിലയിലുള്ള ക്രിയാത്മക സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി യുവജനക്ഷേമ പദ്ധതികളിലൂടെ എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ഏർപ്പെടുത്താൻ ആലോചിക്കുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>മണ്ഡലാടിസ്ഥാനത്തിൽ ജോബ് ഫെസ്റ്റ്</u>

6766 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അഭ്യസ്തവിദ്യർക്കായി മണ്ഡലാടിസ്ഥാനത്തിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>സ്വയം സംരഭക മിഷന്‍</u>

6767 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സ്വയംസംരംഭക മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങള്‍ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നു മുതല്‍ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>മൃഗശാലകളിലെ ദൃശ്യവിതാനങ്ങൾ</u>

6768 ശ്രീ. ഷാഫി പറമ്പിൽ
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിലും മ്യൂസിയങ്ങളിലും ആധുനിക ദൃശ്യവിതാനങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി നടക്കുന്ന വെളിച്ച വിതാനത്തിൽ വൈദ്യുതി ചെലവ് കുറയ്ക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈകൊള്ളുന്നത് ;

(സി) നിലവിലുള്ള വൈദ്യുതി ദീപങ്ങൾക്കു പകരം വൈദ്യുതി ഉപഭോഗം കുറവുള്ള എൽ.ഇ.ഡി സംവിധാനത്തിലേക്കു മാറാൻ ശ്രമിക്കുമോ ;

(ഡി) ഇവിടെ സാദ്ധ്യമായ സ്ഥലങ്ങളിൽ സൗരോർജ്ജ സ്രോതസ്സ് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>മ്യൂസിയങ്ങളിലെ സന്ദർശകരുടെ സൗകര്യങ്ങൾ</u>

6769 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങളിലെ സന്ദർശകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്;

(ബി) നിലവിൽ സന്ദർശകർക്ക് കൗണ്ടർ വഴി ടിക്കറ്റ് നൽകുന്ന സംവിധാനം മാറ്റി ഓട്ടോമാറ്റിക് ടിക്കറ്റ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സന്ദർശകർക്ക് കുടിവെള്ള സൗകര്യവും വികലാംഗർക്ക് മ്യൂസിയം പ്രാപ്തമാക്കുക, ഇൻഫർമേഷൻ കൗണ്ടറുകൾ, ക്ലോക്ക് റൂം, ബാത്ത് റൂം, എന്നിവയുടെ സൗകര്യങ്ങളും കൂടി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മൃഗശാലയിലും കാഴ്ചബംഗ്ലാവിലുമുള്ള കരാർ/ദിവസവേതനക്കാർ</u>

6770 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലും കാഴ്ചബംഗ്ലാവിലും ദിവസകൂലിയടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജോലി ചെയ്യുന്നവർ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇവിടെ നിന്ന് ജീവനക്കാരെ പിരിച്ചു വിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ എന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി നിയമനം നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ എത്ര പേർക്ക്;

(ഡി) ഏത് തരം ജോലിക്കാണ് ഇവരെ നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>മ്യൂസിയങ്ങളിലുള്ള ആർട്ട് ഗ്യാലറികൾ നവീകരിക്കുന്നതിന് നടപടി</u>

6771 ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മ്യൂസിയങ്ങളിലുള്ള ആർട്ട് ഗ്യാലറികൾ നവീകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) നിലവിലുള്ള ഗ്യാലറികൾ പുതുക്കി ആധുനിക ഡിസ്പ്ലേ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇത് സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രമിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 23.

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സുചിപ്പിക്കുന്നു.